(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1999 ജൂൺ മാസം 10-ാം തീയതിവരെ കെട്ടിട നിർമ്മാണചട്ടങ്ങളിൽ ഇളവു നല്കി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നല്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര; ഇവയുടെ ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ;

(സി) ഇങ്ങനെ ഇളവു അനുവദിച്ചു നൽകാൻ സർക്കാരിന് അധികാരമുണ്ടോ;

(ഡി) എങ്കിൽ ഏതു വകുപ്പു പ്രകാരം എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) അനുമതി നൽകിയിട്ടുണ്ട്.

(ബി) ജില്ല തിരിച്ച കണക്ക് ശേഖരിച്ചു സമർപ്പിക്കുന്നതാണ്.

(സി)&(ഡി) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 410-ാം വകുപ്പു പ്രകാരവും 1999-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്ട് 172-ാം വകുപ്പ് അനുസരിച്ചും സർക്കാരിന് അധികാരമുണ്ട്.

121 (1347) പാർവ്വതി പുത്തനാർ സ്കീമിന്റെ പണി

ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തെ പാർവ്വതി പുത്തനാർ സ്കീമിന്റെ പണി എന്തായി എന്ന് വ്യക്തമാക്കുമോ;

(ബി) പ്രധാനമന്ത്രിയെക്കൊണ്ട് ഉദ്ഘാടനം ചെയ്യിച്ച പ്രസ്തുത സ്കീം നടപ്പിലാക്കാനുള്ള കാലതാമസം എന്താണ്;

(സി) ഈ സ്കീമിന്റെ ടെൻണ്ടർ എന്നാണ് വിളിച്ചതെന്നും പണി ആരാണ് എടുത്തിരിക്കുന്നതെന്നും വെളിപ്പെടുത്തുമോ;

(ഡി) നടപടിക്രമങ്ങൾ ഒന്നും പൂർത്തിയാക്കാതെയാണ് പ്രധാന മന്ത്രിയെക്കൊണ്ട് ഈ സ്ക്കീമിന്റെ ഉദ്ഘാടനം നടത്തിയതെന്ന ആക്ഷേപം ശരിയാണോ;

(ഇ) ശരിയല്ലെങ്കിൽ നടപടി ക്രമങ്ങൾ എന്തെല്ലാം പൂർത്തീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പാർവ്വതി പുത്തനാറിന്റെ പുനരുദ്ധാരണ പണിയുടെ ആദ്യഘട്ടമായി വള്ളക്കടവ് മുതൽ ചാക്ക വരെയുള്ള ഭാഗത്തെ പണി ആരംഭിച്ചു. മഴക്കാലമായതിനാൽ പണി നിർത്തിവെച്ചിരിക്കുകയാണ്.

(ബി) ദേശീയ പുനരർപ്പണ ദിനത്തിന്റെ ഭാഗമയുള്ള പണികളുടെ സംസ്ഥാനതല ഉദ്ഘാടനമാണ് പ്രധാനമന്ത്രി നടത്തിയത്. പാർവതി പുത്തനാറിന്റെ പുനരുദ്ധാരണത്തിന്റെ പണി ഘട്ടം ഘട്ടമായാണ് നടപ്പിലാക്കുന്നത്. ഒന്നാം ഘട്ടം പണി ആരംഭിച്ചുകഴിഞ്ഞു.

(സി) 29..10..96-ൽ ടെന്റർ വിളിച്ചിരുന്നു. എന്നാൽ ടെന്റർ ഒന്നും ലഭിച്ചില്ല. ഇപ്പോൾ ജനകീയ സമിതിയാണ് പണി ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ദേശിയ പുനരർപ്പണദിനത്തിന്റെ ഭാഗമായുള്ള പണികളുടെ സംസ്ഥാനതല ഉദ്ഘാടനമാണ് പ്രധാനമന്ത്രി നിർവ്വഹിച്ചത്.

(ഇ) സ്കീം അംഗീകരിക്കുകയും ടെൻണ്ടർ വിളിക്കുകയും ചെയ്തു.

122 (1348) ആലപ്പുഴ നഗരത്തിലെ കനാലുകൾ ശുദ്ധീകരിക്കുന്നതിന് നടപടി

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ നഗരത്തിലെ കനാലുകൾ ശുദ്ധീകരിക്കുന്നതിനും തീരങ്ങൾ മനോഹരമായി സംരക്ഷിക്കുന്നതിനുമായി ആലപ്പുഴ എം.എൽ.എ. സർക്കാരിനു സമർപ്പിച്ച 'കനാലുകളിലൂടെ ആലപ്പുഴയുടെ പുനരുദ്ധാരണം' എന്ന പ്രോജക്ട് റിപ്പോർട്ടിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യം ചർച്ചചെയ്തു തീരുമാനിക്കുന്നതിനായി വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉന്നതതല യോഗം വിളിച്ചു കൂട്ടുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആലപ്പുഴ എം. എൽ.എ. സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ചു വരുന്നു.

(ബി) പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ചതിനുശേഷം ഉന്നതതല യോഗം വിളിച്ചു ചേർക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

123 (1349) പദ്ധതി ഗ്രാന്റ്

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-99-ൽ പദ്ധതി നിർവഹണം 75 ശതമാനം എത്താത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തന്നാണ്ടത്തെ അവശേഷിക്കുന്ന പദ്ധതി ഗ്രാന്റ് നഷ്ടപ്പടുമെന്ന് കാണിക്കുന്ന സർക്കാർ ഉത്തരവ് പ്രാബല്യത്തിലുണ്ടോ;

(ബി) എങ്കിൽ ഈ ഉത്തരവിറങ്ങിയ തീയതിയും അതിന്റെ ഉള്ളടക്കവും വ്യക്തമാക്കുമോ;

(സി) ഈ ഉത്തരവ് പുനഃപരിശോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഈ ഉത്തരവു പ്രകാരം എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതത്തിന്റെ ഒരു ഭാഗം തന്നാണ്ടിൽ നഷ്ടപ്പെടുമെന്നറിയിക്കുമോ;

(ഇ) ഇപ്രകാരം നഷ്ടപ്പെടുന്ന തുക എത്ര വരുമെന്ന് അറിയിക്കുമോ;

(എഫ്) ഇപ്രകാരം തുക നഷ്ടപ്പെടുന്ന ലോക്കൽ ബോഡികളുടെ എണ്ണവും നഷ്ടപ്പെടുന്ന ആകെ തുകയും ജില്ലാ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly